RP-1

**ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം**
**( ഹാജർ : എ.റ്റി.ജെയിംസ്, ഐ.എ.എസ്.)**
**(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)**

LR (A)3-14903/17 **തീയതി : 26/10/2018.**

6547/18
1/11/18

***റിവിഷൻ പെറ്റീഷണർ:***

ശ്രീ.സുക്കാർനോ,
S/O മുഹമ്മദ് സലിം,
സുനൈസാ മൻസിൽ,
മേനംകുളം.

***എതിർ കക്ഷി:***

ജില്ലാ രജിസ്ട്രാർ (ജനറൽ),
തിരുവനന്തപുരം.

വിഷയം : കേരള മുദ്രപത്രനിയമം സെക്ഷൻ 54 (1) - തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ) ന്റെ ഉത്തരവിനെതിരായ റിവിഷൻ ഹർജി സംബന്ധിച്ച്.

പരാമർശം: 1. ശ്രീ.സുക്കാർനോ 23.03.2017 തീയതിയിൽ സമർപ്പിച്ച ഹർജി.
2. തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ)ന്റെ 30.01.2017 തീയതിയിലെ ഐ4/246/2017 നം. ഉത്തരവ്.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 19.08.2017 തീയതിയിലെ ആർ.ആർ.4/7444/2017 നം. റിപ്പോർട്ട്.

തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറലിന്റെ) പരാമർശം 2 പ്രകാരമുള്ള ഉത്തരവിൽ മുദ്രവിലയായി പറഞ്ഞിരുന്ന തുക കക്ഷി കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 07.02.2017 ന് ഒടുക്കി ആധാരം രജിസ്റ്റർ ചെയ്തു. ആയതിന്റെ മുദ്രവില അധികം ഈടാക്കിയതായി കാണിച്ചുകൊണ്ടാണ് കക്ഷി ഈ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറലിന്റെ) 30.01.2017 തീയതിയിലെ ഐ4/246/2017 നം. ഉത്തരവ് കഴക്കൂട്ടം സബ് രജിസ്ട്രാറുടെ പി1/17 നമ്പർ ഉത്തരവിനെതിരെയായിരുന്നു. പ്രസ്തുത ആധാരം തിരുവനന്തപുരം താലൂക്കിൽ മേനംകുളം വില്ലേജിൽ അൻവർ മൻസിലിൽ മുഹമ്മദ്സലിം ഭാര്യ ലൈലാ ബീവി, മുഹമ്മദ് സലിം മക്കൾ അൻവർ സാദത്ത്, ഷമീർഷാ എന്നിവർക്ക് വേണ്ടി മുക്ത്യാർ ഏജന്റായും സ്വന്തം നിലയ്ക്കും മുഹമ്മദ് സലിം മകൻ സക്കീർ ഹുസൈൻ എന്നിവർ ടി മുഹമ്മദ് സലിം മകൻ സുക്കാർനോ പേർക്ക് എഴുതിക്കൊടുത്ത കൂട്ടവകാശ ഒഴികുറി ആധാരമാണ്.

GOVERNMENT OF KERALA

ഈ വിഷയത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ശ്രീ.മുഹമ്മദ് സലിമിന് 940/1990 നമ്പരായി ലഭിച്ച വസ്തുക്കൾ അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് അനന്തരാവകാശികളായ ബന്തവസ്സാധാര കക്ഷികൾക്ക് കൂട്ടവകാശപ്പെട്ട് ലഭിച്ചവയാണെന്നും വസ്തുവിന്റെ അഞ്ചിൽ നാല് അവകാശം പത്തു ലക്ഷത്തി അറുപതിനായിരം രൂപ വിലയ്ക്കാണ് എഴുതി നൽകുന്നത്. ബന്തവസ്സാധാരത്തിന്റെ 7ാം പേജിൽ വിവരണ കോളത്തിൽ 1990 ലെ 940ാം നമ്പർ ആധാര പ്രകാരം വരവുള്ള മുൻ സർവെ 1431/11 ൽ 10 സെന്റും 15/എ-യിൽ 13 സെന്റും 47 ൽ 32 സെന്റും 62 ൽ 13 സെന്റും കൂടി ഒന്നായുള്ള വസ്തു റീസർവേ 470/1ൽ പ്പെട്ട 27 ആർ 51 ച.മീറ്റർ എന്ന് എഴുതിയിട്ടുള്ളതിനെ റീസർവേ തിട്ടപ്പെടുത്തി അളന്ന് 5157ാം നമ്പർ തണ്ടപ്പേരും പടി ശരിയായ റീസർവേ 466/10 ൽ 22 ആർ 20 ച.മീറ്റർ വിസ്തീർണം കൊള്ളിച്ചിട്ടുള്ള വസ്തുവും വെള്ളക്കെട്ടും, വരമ്പ്, വൃക്ഷാദികൾ മുതലായ സകല വകകളും ഉള്ളതിൽ ഞങ്ങൾക്കും ടി അൻവർ സാദത്ത്, ഷമീർഷാ എന്നിവർക്കും ഉള്ള അഞ്ചിൽ നാല് ഓഹരി അവകാശം ആകുന്നു എന്ന് ആധാരത്തിൽ പ്രതിപാദിച്ചിരിക്കുന്നതിനാൽ ഒരു പിഴ തിരുത്ത് കൂടി കടന്നു വരുന്നുവെന്ന് സബ് രജിസ്ട്രാറും റീസർവേ നം. തണ്ടപ്പേർ നമ്പർ, പ്രതിഫലം, വിസ്തീർണം, എല്ലുക എന്നിവയിൽ മാറ്റം വരുന്നതു വഴി ബന്തവസ്സാധാരത്തിന് ഭൗതിക മാറ്റം സംഭവിച്ചിരിക്കുന്നുവെന്നും മുന്നാധാരത്തിന്റെ റീസർവേ നമ്പർ, റീസർവേ സബ് നമ്പർ വിസ്തീർണം എന്നിവയ്ക്ക് സംഭവിച്ച പോയ പിശക് തെറ്റ് തിരുത്തുന്നതിന് വില്ലേജാഫീസറുടെ സാക്ഷ്യപത്ര പ്രകാരമുള്ള തഹസിൽദാരുടെ തീർപ്പ് പര്യാപ്തമല്ലെന്നും സമാന സ്വഭാവമുള്ള കോട്ടായി സബ് രജിസ്ട്രാർ ആഫീസിലെ പി3/2014 നമ്പർ ബന്തവസ്സാധാരത്തിന് കേരള മുദ്രപത്ര നിയമം ആർട്ടിക്കിൾ 21 പ്രകാരം മുദ്രവില ആവശ്യമാണെന്ന് 21.03.15 ലെ എൽ.ആർ.എ 3-4250/15 നമ്പർ പ്രകാരം ബഹു: ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവ് നൽകിയിട്ടുള്ള സാഹചര്യത്തിൽ ഭൗതിക മാറ്റം സംഭവിച്ച പിഴ തിരുത്തിന് ആർട്ടിക്കിൾ 21 പ്രകാരം 8% നിരക്കിൽ 85280/- രൂപയും, പിഴ 200/- രൂപയും അടവാക്കാൻ ജില്ലാ രജിസ്ട്രാർ ഉത്തരവായിരുന്നു. ടി തുക കക്ഷി കഴക്കൂട്ടം സബ് രജിസ്ട്രാർ ആഫീസിൽ അടച്ച് ആധാരം രജിസ്റ്റർ ചെയ്തു. ജില്ലാ രജിസ്ട്രാറുടെ ഉത്തരവ് ക്രമപ്രകാരമാണെന്ന അഭിപ്രായം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പ്രസ്തുത ആധാരത്തിൽ പരാമർശിക്കുന്ന വസ്തുവിന് ഭൗതിക മാറ്റം സംഭവിച്ചോ എന്ന വിവരം തിരുവനന്തപുരം (ഭൂരേഖ) തഹസിൽദാരോട് ആവശ്യപ്പെട്ടതിൻ പ്രകാരം 07.04.2018 തീയതിയിലെ എച്ച്6-21024/18ാം നമ്പർ കത്ത് പ്രകാരം റിപ്പോർട്ടും അനുബന്ധമായി കഠിനംകുളം വില്ലേജാഫീസറുടെ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുള്ളതാണ്.

കഠിനംകുളം വില്ലേജിലെ തണ്ടപ്പേർ രജിസ്റ്ററുകൾ പരിശോധിച്ചതിൽ റീസർവേ 466/10 ൽപ്പെട്ട വസ്തു ഉൾപ്പെടെയുള്ള വസ്തുക്കൾ റീസർവേ 466/1 ൽ ഉൾപ്പെട്ട് റ്റി.പി.3436ാം നമ്പർ തണ്ടപ്പേരിൽ കൊണ്ട് കിടക്കുന്നതും, 18.06.1993 ലെ എൽ.ആർ.107/90, 229/90, 227/90 നമ്പർ തീർച്ച പ്രകാരം റീസർവേ 466/1 ൽ നിന്നും 466/9 ൽ 17.20 ആർ, 466/10 ൽ 22.20 ആർ

എന്നിങ്ങനെ 2 സബ് ഡിവിഷൻ ചെയ്തിട്ടുള്ളതും അതോടൊപ്പം തന്നെ 18.06.1993 ലെ എൽ.ആർ.107/90ാം നമ്പർ ഉത്തരവ് പ്രകാരം 466/10 ൽപ്പെട്ട 22.20 ആർ പുരയിടം 5751ാം നമ്പർ തണ്ടപ്പേരിലാണ് ശ്രീ.മുഹമ്മദ് സലിം പേരിൽ വന്നിട്ടുള്ളതും. 27.02.17 ലെ പി.വി.72/17 നമ്പർ പോക്കുവരവ് പ്രകാരം ടി വസ്തു 24043ാം നമ്പർ തണ്ടപ്പേരിലേയ്ക്ക് വന്നിട്ടുള്ളതുമാണ്. ബി.റ്റി.ആർ. പ്രകാരം റീസർവേ 466/10 ന്റെ മുൻ സർവേ നമ്പർ 1431 എന്ന് കാണുന്നതായും നിലവിൽ സുക്കാർനൊ പേരിൽ എഴുതിക്കിട്ടിയ കൂട്ടവകാശം ഒഴിമുറി ആധാരം പരിശോധിച്ചതിൽ ടി ആധാരത്തിൽ പരാമർശിച്ചിട്ടുള്ള മുൻ സർവേ 1431/11, 15/എ, 47, 62 എന്നിവയിൽ സബ് നമ്പരുകൾ ഒഴികെയുള്ള പ്രധാന മുൻസർവേ നമ്പരായ 1431 ന്റെ നിലവിലെ റീസർവെ നമ്പർ 466/10 ആണെന്ന വിവരം സ്ഥലപരിശോധനയിലും രേഖകൾ പരിശോധിച്ചതിലും കാണുന്നതായി വില്ലേജാഫീസർ അറിയിച്ചിട്ടുള്ള വിവരവും തിരുവനന്തപുരം (ഭൂരേഖ) തഹസിൽദാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കഠിനംകുളം വില്ലേജാഫീസറുടെ 05.10.18 തീയതിയിലെ റിപ്പോർട്ടു പ്രകാരം പ്രസ്തുത ആധാരത്തിന്റെ മുന്നാധാരമായ 940/1990ാം നമ്പർ വിലയാധാരത്തിൽ റീസർവേ 470/1 ൽപ്പെട്ട 27.51 ആർ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് പിശക് മൂലമാണെന്ന് റിക്കാർഡുകൾ പരിശോധിച്ചതിൽ നിന്നും സ്ഥല പരിശോധന നടത്തിയതിൽ നിന്നും വ്യക്തമാകുന്നുവെന്നും 1989 ൽ കഠിനംകുളം വില്ലേജിൽ സർവേ റിക്കാർഡുകൾ പ്രാബല്യത്തിൽ വന്ന സമയത്ത് പ്രസ്തുത വസ്തുവിന്റെ റീസർവേ നമ്പർ വ്യക്തമായി തിരിച്ചറിയാതെ ആധാരം എഴുതിയതു മൂലമാകാം 1990 ലെ 940ാം നമ്പർ ആധാരത്തിൽ റീസർവേ 470/1 എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത്. കഴക്കൂട്ടം എസ്.ആർ.ഒ.യിലെ 940/90ാം നം. ആധാരത്തിലും 504/17 നം. ആധാരത്തിലും പ്രതിപാദിച്ചിരിക്കുന്ന അതിരുകളിലെ കൈവശക്കാരിലുള്ള വ്യത്യാസം കാലാനുസൃതമായ മാറ്റം കാരണമുണ്ടായതാണ്. കഴക്കൂട്ടം എസ്.ആർ.ഒ.യിലെ 10.05.1990 ലെ 940/90ാം നം. വിലയാധാര പ്രകാരം ശ്രീ.മുഹമ്മദ് കുഞ്ഞ് മകൻ മുഹമ്മദ് സലിം കൈവശമുണ്ടായിരുന്ന വസ്തു തന്നെയാണ് കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിലെ 504/17 ാം നമ്പർ കൂട്ടവകാശ ഒഴികുറിയിലും പ്രതിപാദിക്കുന്നത് എന്ന വിവരം റിപ്പോർട്ടിൽ വ്യക്തമാകുന്നു.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് **22.11.17, 13.12.17, 03.01.18, 19.01.18, 21.02.18, 11.04.18, 23.05.18, 06.06.18** തുടങ്ങിയ ദിവസങ്ങളിൽ ഹിയറിംഗ് നടത്തിയിട്ടുള്ളതാണ്. **22.11.17, 21.02.2017** തീയതികളിലെ ഹിയറിംഗ് ഒഴികെ ബാക്കിയുള്ള ദിവസങ്ങളിൽ കക്ഷിയ്ക്ക് വേണ്ടി അഡ്വോക്കേറ്റ് ഹാജരായിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ദിവസങ്ങളിൽ **22.11.17** തീയതിയിലെ ഹിയറിംഗിൽ തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ) ലും ബാക്കി ദിവസങ്ങളിൽ ജില്ലാ രജിസ്ട്രാർ (ജനറൽ) ന്റെ പ്രതിനിധിയായി ടി കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് വത്സമ്മ.എൻ.പി. യെയും നേരിൽ കേട്ടിട്ടുള്ളതാണ്. സർവേ, തണ്ടപ്പേർ, എല്ലുക എന്നിവയിൽ വ്യത്യാസം വരുന്നതിനാൽ മുന്നാധാരത്തിൽ നിന്നും നിലവിലെ ആധാരത്തിൽ വ്യത്യാസം വരുന്നതിനാൽ ഭൗതിക മാറ്റം

GOVERNMENT OF KERALA

സംഭവിച്ചിരിക്കുന്നതിനാൽ തെറ്റ് തീർപ്പ് കൂടി വരുന്നതിനാൽ തീറാധാരത്തിന്റെ മുദ്രവില അടക്കണമെന്നും ടി തുക കക്ഷി അടച്ച് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ ടി ഹർജി പരിഗണിക്കാൻ കഴിയുന്നതല്ല എന്നും രജിസ്ട്രേഷൻ വകുപ്പിന്റെ പ്രതിനിധി വാദിച്ചു.

സുക്കാർനോയുടെ പിതാവിന്റെ പേരിലുള്ള വസ്തുവാണ് മാതാവും സഹോദരങ്ങളും ചേർന്ന് ഒഴിമുറി നൽകുന്നതെന്നും ഒഴിമുറി ആധാരം തയാറാക്കിയിരിക്കുന്നവർ കുടുംബാംഗങ്ങളാണെന്നും 1990 ലെ ആധാര പ്രകാരമുള്ള വസ്തു തന്നെയാണ് കൈമാറ്റം ചെയ്യുന്നതെന്നും എല്ലകയിൽ വന്ന മാറ്റം സ്വാഭാവികമായ മാറ്റമാണെന്നും ആയതിനാൽ കക്ഷിയിൽ നിന്നും അധികമായി ഈടാക്കിയ മുദ്രവില തിരികെ ലഭിക്കാൻ ഉത്തരവുണ്ടാകണമെന്ന് അഡ്വോക്കേറ്റ് വാദിച്ചു.

ആധാരങ്ങളും അനുബന്ധ റിപ്പോർട്ടുകളും പരിശോധിച്ചു. 1990 ലെ 940ാം നമ്പർ ആധാര പ്രകാരം ശ്രീ.മുഹമ്മദ് സലിം പേർക്ക് വിലയാധാര പ്രകാരം ലഭിച്ച വസ്തുക്കളാണ് നിലവിൽ ശ്രീ.സുക്കാർണോയുടെ പേരിൽ മാതാവും സഹോദരങ്ങളും ചേർന്ന് ഒഴിമുറിയായി നൽകിയിട്ടുള്ളത്. ടി ഒഴിമുറി ആധാരത്തിൽ 1990 ലെ 940ാം നമ്പർ ആധാര പ്രകാരം വരവുള്ള മുൻ സർവേ 1431/11 ൽ 10 സെന്റും 15/എയിൽ 13 സെന്റും 47 ൽ 32 സെന്റും 62 ൽ 13 സെന്റും കൂടി ഒന്നായുള്ള വസ്തു റീസർവേ 470/1 ൽ പ്പെട്ട 27 ആർ 51 ച.മീ. എന്ന് എഴുതിയിട്ടുള്ളതിനെ റീസർവേ 466/10 ൽ 22 ആർ 20 ച.മീറ്റർ വിസ്തീർണം കൊള്ളിച്ചിട്ടുള്ള വസ്തുവും എന്ന് പ്രതിപാദിച്ചിട്ടുള്ളതാണ് സബ് രജിസ്ട്രാർക്കും, ജില്ലാ രജിസ്ട്രാർ (ജനറൽ)ക്കും സംശയത്തിനിടയാക്കിയതെന്ന് കാണുന്നു. തഹസിൽദാരുടെ റിപ്പോർട്ട് പ്രകാരം 18.06.93 ലെ എൽ.ആർ.107/90 ാം നമ്പർ ഉത്തരവു പ്രകാരം 466/10 ൽപ്പെട്ട 22.20 ആർ പുരയിടം റ്റി.പി. 5751ാം നമ്പർ തണ്ടപ്പേരിലേയ്ക്ക് ശ്രീ.മുഹമ്മദ് സലിം പേരിൽ ചെയ്തിട്ടുള്ളതും, റീസർവേ 466/10 ന്റെ മുൻസർവേ നമ്പർ 1431 എന്ന് കാണുന്നതായും പറഞ്ഞിരിക്കുന്നു. ഈ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ ഒരു തെറ്റു തീർപ്പിന്റെ സ്വഭാവം പ്രസ്തുത ആധാരത്തിൽ കാണുന്നില്ല.

മേൽ വസ്തുതകൾ കണക്കിലെടുത്തും, ആധാരവും അനുബന്ധ രേഖകളും പരിശോധിച്ചതിലും, ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഇപ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്.

ശ്രീ.സുക്കാർണോയുടെ പേർക്ക് ടിയാന്റെ മാതാവും സഹോദരങ്ങളും ചേർന്നെഴുതിക്കൊടുത്ത കൂട്ടവകാശ ഒഴിമുറി ആധാരത്തിന് കുടുംബാധാരങ്ങൾക്ക് അടക്കേണ്ട ആയിരം രൂപയ്ക്കു പുറമേ ജില്ലാ രജിസ്ട്രാറുടെ ഉത്തരവിൽ പരാമർശിച്ച 85480/-. രൂപ (രൂപ എൺപത്തി അയ്യായിരത്തി നാനൂറ്റി എൺപതു മാത്രം) 07.02.2017 തീയതിയിൽ കഴക്കൂട്ടം

സബ് രജിസ്ട്രാർ ഓഫീസിൽ ഒടുക്കിയാണ് ആധാരം രജിസ്റ്റർ ചെയ്തത്. അപ്രകാരം അടച്ച 85480/- രൂപ (രൂപ എൺപത്തി അയ്യായിരത്തി നാനൂറ്റി എൺപതു മാത്രം) അധികമായി അടച്ചതാണെന്നും ആയത് റീഫണ്ട് ചെയ്യുന്നതിനു വേണ്ടിയാണ് കക്ഷി അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. കേരള മുദ്രപത്രനിയമം സെക്ഷൻ 44 (2) പ്രകാരം നിയമപരമായി ചുമത്താവുന്നതിൽ കൂടുതൽ മുദ്രവില 34 ാം വകുപ്പ് പ്രകാരമോ, 39ാം വകുപ്പ് പ്രകാരമോ ചുമത്തുകയും വസൂലാക്കുകയും ചെയ്തിരിക്കുന്നുവെന്ന് ഗവൺമെന്റിനോ 1ാം ഉപവകുപ്പിൽ നിർണ്ണയിച്ച അധികാര സ്ഥാനത്തിനോ അഭിപ്രായമുണ്ടെങ്കിൽ ആയത് ചുമത്തിയ ഉത്തരവു മുതൽക്ക് 3 മാസത്തിനുള്ളിൽ രേഖാമൂലം അപേക്ഷിച്ചാൽ ഗവൺമെന്റോ, ആ അധികാര സ്ഥാനമോ ആ കൂടുതൽ സംഖ്യ മടക്കി കൊടുക്കാവുന്നതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ രജിസ്ട്രാറുടെ 30.01.17 തീയതിയിലെ ഉത്തരവിനെതിരെ കേരള മുദ്രപ്പത്ര നിയമം സെക്ഷൻ 44 (2) ൽ വ്യക്തമാക്കുന്നതുപോലെ 3 മാസക്കാലയളവിനുള്ളിൽ (23.03.17) കക്ഷി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിലവിലെ ആധാര പ്രകാരം കൈമാറ്റം ചെയ്ത് സുക്കാർനോയുടെ പേരിൽ ലഭിച്ചിട്ടുള്ള 22.20 ആർ വസ്തു അദ്ദേഹത്തിന്റെ പിതാവിന്റെ പേരിൽ വിലയാധാര പ്രകാരം സിദ്ധിച്ചിട്ടുള്ളതാണ്. ടി വിലയാധാരത്തിൽ നിന്നും വിസ്തീർണ്ണത്തിൽ വ്യത്യാസമുണ്ടെങ്കിലും റവന്യൂ രേഖകൾ പ്രകാരം വിസ്തീർണ്ണം, സർവേ നമ്പർ, തണ്ടപ്പേർ എന്നിവയിൽ വ്യത്യാസം ഉള്ളതായി കാണുന്നില്ല. റീസർവേക്കനുസൃതമായി റവന്യൂ രേഖകളിൽ വന്ന മാറ്റമാണ് പ്രസ്തുത കൂട്ടവകാശ ഒഴിമുറി ആധാരത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. അതിനെ ഒരു തെറ്റ് തിരുത്തായി കണക്കാക്കുന്നത് ശരിയായ നടപടിയല്ല. സുക്കാർനോയുടെ പേർക്ക് ഒഴിമുറി കൊടുക്കുന്ന വസ്തുക്കൾ ടിയാന്റെ പിതാവിന്റെ പേരിലുള്ളതും പിതാവിന്റെ മരണശേഷം ടി വസ്തുക്കൾ ഭാര്യയ്ക്കും മക്കൾക്കുമായി കൂട്ടായി സിദ്ധിച്ചിട്ടുള്ളതാണ്. ആയതിനാൽ ടി ആധാരത്തിന് കേരള മുദ്രപത്ര നിയമം പട്ടിക 48 (എ) യുടെ പരിധിയിൽ വരുന്ന കുടുംബാധാരങ്ങൾക്കു ലഭിക്കുന്ന 1000/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ കേരള മുദ്രപ്പത്ര നിയമം 44 (2) പ്രകാരം പ്രസ്തുത ആധാരത്തിന് അധിക മുദ്രവില ഈടാക്കിയിരിക്കുന്നതായി ബോധ്യപ്പെട്ടതിനാൽ കേരള മുദ്രപ്പത്ര നിയമം സെക്ഷൻ 54 (1) പ്രകാരമുള്ള റിവിഷൻ അധികാരം ഉപയോഗിച്ചുകൊണ്ട് കക്ഷിയിൽ നിന്നും അധികമായി ഈടാക്കിയ മുദ്രവില റീഫണ്ട് ചെയ്ത് നൽകുന്നതിന് തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ജനറലിനോട് നിർദ്ദേശിച്ചുകൊണ്ടും റിവിഷൻ ഹർജി അനുവദിച്ചുകൊണ്ടും പരാമർശം (1) പ്രകാരമുള്ള റിവിഷൻ ഹർജി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-

**കമ്മീഷണർ.**

സ്വീകർത്താവ് ;

ശ്രീ.സുക്കാർനോ,
s/o മുഹമ്മദ് സലിം,
സുനൈസാ മൻസിൽ,
മേനംകുളം.

RP/ AD

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

പ്പി 2
2. IGR, Tvpm.
3. ജില്ലാ രജിസ്ട്രാർ (ജനറൽ), Tvpm.
4. കരുതൽ ഫയൽ
5. അധിക പകർപ്പ്.

GOVERNMENT OF KERALA

ഉത്തരവ് നമ്പർ No. RRA-7444/2017.

രജി. ഐ.ജി. ഓഫീസ്
തീയതി, 22-11-2018

LRC-യുടെ 26/10/2018 തീയതിയിലെ LR A(3)-14903/17 നമ്പർ നടപടിക്രമം പാലിച്ച് ടി വിവരം ആ അപേക്ഷയിൽ തീരുമാനമെടുക്കുവാൻ നിർദ്ദേശിക്കുന്നു.

അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ (രജിസ്ട്രേഷൻ)
P.K. SAJANKUMAR
…G. OF REGISTRATION

To
ജില്ലാ രജിസ്ട്രാർ (ജനറൽ)
തിരുവനന്തപുരം